# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 6650 04.04.2018-ൽ മറുപടിക്ക്

## സൗജന്യ കൈത്തറി യൂണിഫോം

ചോദ്യം ഉത്തരം

**ശ്രീ.ജെയിംസ് മാത്യു**
**ശ്രീ.സി.കെ. ഹരീന്ദ്രൻ**
**ശ്രീ.എസ്.രാജേന്ദ്രൻ**
**ശ്രീ. ഒ. ആർ. കേളു**

പ്രൊഫ: സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ മന്ത്രി)

എ) അടുത്ത അദ്ധ്യയന വർഷം മുതൽ സർക്കാർ വിദ്യാലയങ്ങളിലെ ഏതെല്ലാം ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

ബി) ഇതിനാവശ്യമായി വരുന്ന കൈത്തറി ഉത്പ്പന്നങ്ങളുടെ വിശദാംശംങ്ങളും തുകയും അറിയിക്കുമോ;

സി) സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങളിൽ നിന്നും സ്വകാര്യ കൈത്തറി സ്ഥാപനങ്ങളിൽ നിന്നും സ്കൂളുകളിൽ വിതരണം ചെയ്യുന്നതിനാവശ്യമായ മുഴുവൻ കൈത്തറി ഉത്പ്പന്നങ്ങളും ലഭ്യമാക്കുമോ;

ഡി) ഇതിനാവശ്യമായ എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങളാണ് ഇതുവരെ നടന്നിട്ടുള്ള തെന്ന് വെളിപ്പെടുത്തുമോ?

എ) ബി) സി) ഡി) 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും, 1 മുതൽ 7 വരെയും 5 മുതൽ 7 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിൽ, ആവശ്യപ്പെട്ട സ്കൂളുകളിൽ മാത്രം കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.കൈത്തറി തുണി തയ്യാറാക്കുന്നതും സ്കൂളുകളിൽ എത്തിക്കുന്നതും കൈത്തറി വകുപ്പ് ആണ്. **2018-19** അദ്ധ്യയന വർഷത്തിൽ ഇതിനാവശ്യമായ ആകെ ചെലവ് **62.9** കോടി രൂപ (അറുപത്തി രണ്ട് കോടി തൊണ്ണൂറ് ലക്ഷം രൂപ) യാകുമെന്ന് കൈത്തറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വിതരണം പൂർത്തിയായാൽ മാത്രമേ കൃത്യമായ ചെലവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. **2018-19** അദ്ധ്യയന വർഷത്തേക്കുള്ള കൈത്തറി യൂണിഫോം വിതരണം നടത്തുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. രണ്ട് ലക്ഷത്തിലധികം ആൺകുട്ടികൾക്കും അത്രയും തന്നെ പെൺകുട്ടികൾക്കുമുള്ള യൂണിഫോമാണ് തയ്യാറാക്കുന്നത്. കൈത്തറി വകുപ്പ് നൽകിയ യൂണിഫോമിന്റെ മാതൃക അടങ്ങിയ കളർ കോഡ് എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അയച്ച് നൽകുകയും ആവശ്യമായ കളർ കോഡ് പ്രധാനാദ്ധ്യാപകർ സെലക്ട് ചെയ്ത് ഐറ്റി @ സ്കൂൾ ഒരുക്കിയ സോഫ്റ്റ് വെയർ -ൽ ഓൺലൈൻ ആയി എ.ഇ.ഒ മാർ രേഖപ്പെടുത്തുകയും ചെയ്തു കഴിഞ്ഞു. ഈ വിവരങ്ങൾ ക്രോഡീകരിച്ച് ആകെ ആവശ്യമായ തുണിയുടെ അളവ് കൈത്തറി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. പതിനെട്ട് ലക്ഷത്തിലധികം മീറ്റർ തുണിയാണ് ആകെ വേണ്ടത്. ഇതിന്റെ ചെലവിലേയ്ക്കായി ഇതിനോടകം **25** കോടി രൂപ കൈത്തറി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ